നം.കെ.എസ്.എ.-കെ.ടി.എം.പി12/1186/2017 തീയതി : 27.07.2017

# കോട്ടയം ജില്ലയിലെ അയർക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,*
*1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

കോട്ടയം ജില്ലയിലെ അയർക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2016 മുതൽ 31.03.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 17.07.2017-ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സാബു ജോസഫ്, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10.07.2017 മുതൽ 17.07.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി അനിതാകുമാരി കെ.എ. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി സുധ ജേക്കബ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ശ്രീലത ആർ.ബി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ശിവരാജ് പി. | ഓഡിറ്റർ |

(ബി) നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി മോനിമോൾ ജയ്മോൻ | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ.എസ്.രാമചന്ദ്രൻ പിള്ള | 01.04.2016 മുതൽ 31.05. 2016 വരെ |
| | ശ്രീ.ചന്ദ്രൻ ആർ.<br>(സെക്രട്ടറി ഇൻ-ചാർജ്) | 01.06.2016 മുതൽ 15.08.2016 വരെ |
| | ശ്രീ.തങ്കച്ചൻ സി.എം.<br>(സെക്രട്ടറി ഇൻ-ചാർജ്) | 16.08.2016 മുതൽ 29.12.2016 വരെ |
| | ശ്രീ.എസ്.നെൽസൺ | 30.12.2016 മുതൽ 31.03.2017 വരെ |

(സി) മറ്റ് നിർവഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ചന്ദ്രൻ ആർ. | 01.04.2016 മുതൽ 15.08.2016 വരെ |
| | ശ്രീ.തങ്കച്ചൻ സി.എം. | 16.08.2016 മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീ.ശ്യാംകുമാർ | 01.04.2016 മുതൽ 24.09.2016 FN വരെ |
| | ശ്രീമതി അനിന സൂസൻ സഖറിയ | 24.09.2016 AN മുതൽ 31.03.2017 വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി ശോഭന എസ്. | 01.04.2016 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.മുഹമ്മദ് സുനിൽ | 01.04.2016 മുതൽ 31.03.2017 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി ദീപ്തി ബി.എൻ. | 01.04.2016 മുതൽ 31.03.2017 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.രതീഷ് ആർ.നായർ | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ –സി.എച്ച്.സി. | ഡോ.രേഖ ആർ. | 01.04.2016 മുതൽ 31.12.2016 വരെ |
| | ഡോ.ജലേഷ് കെ.എസ്. | 01.01.2017 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി വിജയലക്ഷ്മി വി.എ. | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ – ഹോമിയോ | ഡോ.മെറിൻ വർഗ്ഗീസ് | 01.04.2016 മുതൽ 19.01.2017-FN വരെ |
| | ഡോ.അന്ന ജോസഫ് കെ. | 19.01.2017-AN മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | ഡോ.ശ്രീലത സി.വി. | 01.04.2016 മുതൽ 18.08.2016 വരെ |
| | ഡോ.ജയരാജ് വി.ജി. | 19.08.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് എൻജിനീയർ എൽ.എസ്.ജി.ഡി | ശ്രീ.നടരാജസുന്ദരം വി.എൻ. | 01.04.2016 മുതൽ 31.03.2017 വരെ |

(ഡി) ഉള്ളടക്കം


| ഖണ്ഡിക-നം. | വിഷയം |
|---|---|
| ഭാഗം 1 -- പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തനത് വരുമാനം |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണ സംവിധാനം |

| | |
|---|---|
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| ഭാഗം 2 -- വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | വാർഷിക കണക്കുകളുടെ അവലോകനവും വിശകലനവും |
| 2-2 | മൂല്യവർദ്ധിത നികുതി തുക പഞ്ചായത്തിന്റെ വരവായി അക്കൗണ്ട് ചെയ്തു |
| 2-3 | പഞ്ചായത്ത് പരിധിയിൽ വസ്തുനികുതി നിർണ്ണയിക്കാത്ത മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നു |
| 2-4 | മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയത്തിൽ അപാകത |
| 2-5 | വസ്തുനികുതി കുടിശ്ശികയിനത്തിൽ വലിയ തുക പിരിച്ചെടുക്കാൻ ശേഷിക്കുന്നു |
| 2-6 | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കാത്തത് |
| 2-7 | സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത് |
| 2-8 | വാടക സെക്യൂരിറ്റി നിക്ഷേപം ഒടുക്കാതെ കുത്തകക്കാർ തുടരുന്നു |
| 2-9 | സ്വകാര്യ ആശുപത്രികൾ/പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കാത്തത് |
| 2-10 | ദുരിതാശ്വാസനിധി നാളിതുവരെ രൂപീകരിച്ചിട്ടില്ല |
| ഭാഗം 3 -- ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചിട്ടില്ല |
| 3-2 | വാട്ടർ ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല |
| 3-3 | മൊബൈൽ മാപ്പിംഗ്- തുടർ നടപടികൾ സ്വീകരിച്ചില്ല |
| 3-4 | വാഹനഉപയോഗം - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല |
| 3-5 | വനിതാക്ഷേമകേന്ദ്രം നിർമ്മിക്കുന്നതിന് അംഗീകാരം വാങ്ങിയെങ്കിലും യഥാർത്ഥത്തിൽ നിർമ്മിച്ചത് ഷോപ്പിംഗ് കോംപ്ലക്സ് |
| 3-6 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം- അപാകതകൾ |
| 3-7 | സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ- അപാകതകൾ |
| 3-8 | അങ്കണവാടികളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചില്ല |
| 3-9 | ഗവ.ആയുർവേദാശുപത്രിക്ക് മരുന്നുകൾ ലഭിച്ചിട്ടില്ല |
| 3-10 | അമയന്നൂർ ക്ഷേത്രക്കുളം നവീകരണത്തിന് ലഭിച്ച തുക ചെലവഴിച്ചില്ല |
| 3-11 | ഭവനനിർമ്മാണം പൂർത്തീകരിയ്ക്കാത്തത് |
| 3-12 | വിനിയോഗരേഖകൾ ലഭ്യമല്ല- ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-13 | ആശ്രയ പദ്ധതി |
| 3-14 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി |

| ഭാഗം 4 -- പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
|---|---|
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 പുതുക്കിയ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 07.03.2017 തിയതിയിലെ 17-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | ബജറ്റിൽ നിന്നുള്ള വ്യതിയാനം | | ശതമാനം |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | (+)/(-) |
| മുന്നിരിപ്പ് | 25,240,066/- | 13,897,213/- | - | 11,342,853/- | (-)44.9 |
| വരവ് | 129,625,000/- | 59,872,662/- | - | 69,752,338/- | (-)53.8 |
| ആകെ | 154,865,066/- | 73,769,875/- | - | 81,095,191/- | (-)52.36 |
| ചെലവ് | 147,317,500/- | 55,572,520/- | - | 91,744,980/- | (-)62.28 |
| നീക്കിയിരിപ്പ് | 7,547,566/- | 18,197,355/- | 10,649,789/- | - | (+)141.1 |

ബജറ്റിൽ പ്രതീക്ഷിത കണക്കുകളും യഥാർത്ഥത്തിലുള്ള കണക്കുകളും തമ്മിലുള്ള വ്യതിയാനം വളരെ കൂടുതലാണ് എന്ന് മേൽ പട്ടികയിലെ വിശകലനത്തിൽ ബോധ്യമാകുന്നു. മുൻവർഷ കണക്കുകളെ ആധാരമാക്കിയല്ല ബജറ്റ് തയ്യാക്കുന്നത് എന്നത് വ്യക്തമാണ്. 1994-കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ-214 പ്രകാരം നിർദ്ദേശിച്ചിരിക്കുന്ന

നടപടിക്രമങ്ങൾ ബജറ്റ് തയ്യാറാക്കുന്നതിൽ പാലിക്കുന്നില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. തുടർവർഷത്തെ പുതുക്കിയ ബജറ്റ് തയ്യാറാക്കുന്നതിൽ നടപടിക്രമങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 9(1) വകുപ്പുപ്രകാരമുള്ള സമയപരിധിക്കുള്ളിൽ 2016-17 വർഷത്തെ ധനകാര്യ പത്രിക എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓഡിറ്റിന് ലഭ്യമാക്കിയിരുന്നു.(18.6.2017ൽ)

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2016-17 | ഓഡിറ്റ് വേളയിൽ പരിശോധിച്ചു |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പത്രിക, റസീറ്റ് ആന്റ് പേയ്മെന്റ് പത്രിക, 31.03.2017-ലെ ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു. 2016-17 വാർഷിക കണക്കുകളുടെ അവലോകനവും വിശകലനവും ഖണ്ഡിക 2-1 ൽ നൽകിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

2016-17 ധനകാര്യ പത്രികയിലെ റസീറ്റ് & പേമെന്റ് പത്രിക പ്രകാരമുള്ള മുന്നിരിപ്പ്, വരവ് ചെലവുകൾ, നീക്കിയിരിപ്പ് കണക്കുകളുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 13,897,213/- |
| വരവ് | 59,872,662/- |
| ആകെ | 73,769,875/- |
| ചെലവ് | 55,572,520/- |
| നീക്കിയിരിപ്പ് | 18,197,355/- |

## 1-5 ഫണ്ട് വിനിയോഗം

2016-17 വർഷത്തിൽ വിവിധ ഫണ്ടുകളുടെ കൺസോളിഡേറ്റഡ് ഫണ്ടിലെ അലോട്ട്മെന്റും പഞ്ചായത്ത് ഫണ്ടിലൂടെയുള്ള വിനിയോഗവും താഴെ ചേർക്കുന്നു

| ഫണ്ടിനം | മുൻബാക്കി | തൻവർഷ അലോട്ട്മെന്റ് | ചെലവ് | അലോട്ട്മെന്റ് നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം | 0 | 14,488,154/- | 13,613,692/- | 874,462/- | 93.96 |
| വികസനഫണ്ട് – എസ്.സി.പി. | 0 | 4,667,070/- | 1,938,945/- | 2,728,125/- | 41.55 |
| വികസനഫണ്ട് – ടി.എസ്.പി. | 0 | 218,511/- | 210,510/- | 8,001/- | 96.33 |
| സംരക്ഷണഗ്രാന്റ് – റോഡ് | 0 | 13,781,355/- | 9,116,595/- | 4,664,760/- | 66.15 |
| സംരക്ഷണഗ്രാന്റ് – നോൺറോഡ് | 0 | 3,954,363/- | 1,335,240/- | 2,619,120/- | 33.77 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 8,125,300/- | 4,693,179/- | 3,432,121/- | 57.60 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 4,883,131/- | 2,169,204/- | 2,713,927/- | 44.42 |

കൺസോളിഡേറ്റഡ് ഫണ്ടിലെ അലോട്ട്മെന്റ് തുകയിൽ നിന്നും ചെലവ് വരുന്ന തുക മാത്രമാണ് പഞ്ചായത്തിന്റെ ധനകാര്യ പത്രികയിൽ പ്രതിഫലിക്കുന്നത് (പ്രസ്തുത ഇനങ്ങളുടെ പഞ്ചായത്ത് ഫണ്ടിലെ വരവും ചെലവും തുല്യമാണ്).

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 203 | 115 | 15 | 73 | 64.03 |

2016-17 പദ്ധതിരൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു

| | | |
|---|---|---|
| 1. | പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 27.02.2016, 28.02.2016 |
| 2. | വർക്കിങ്ങ് ഗ്രൂപ്പ് യോഗം | 05.02.2016 |
| 3. | വികലാംഗ ഗ്രാമസഭ | 15.06.2016 |
| 4. | ഊരുകൂട്ട യോഗം | 15.06.2016 |
| 5. | വികസന സെമിനാർ | 14.07.2016 |
| 6. | വാർഷിക പദ്ധതിക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരം | 25.10.2016 ലെ 9-ാം നം. തീരുമാനം |
| 7. | ഡി.പി.സി. അംഗീകാരം | ഉത്തരവ് നം.490/16/DPC/DPO/KTM തീയതി 29.05.2017 |

<u>പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി(2012-17)-അവലോകനം</u>

പന്ത്രണ്ടാം പദ്ധതിക്കാലത്തെ വികസനഫണ്ടിന്റെ വർഷം തിരിച്ചുള്ള വരവ്-ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | വകയിരുത്തൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| 2012-13 | 2,80,02,784 | 2,29,19,774 | 82% |
| 2013-14 | 2,40,13,965 | 2,07,20,607 | 86% |
| 2014-15 | 3,35,80,844 | 2,25,18,373 | 67% |
| 2015-16 | 3,10,57,116 | 2,72,37,333 | 88% |
| 2016-17 | 3,38,99,375 | 2,26,25,530 | 67% |

പന്ത്രണ്ടാം പദ്ധതിക്കാലയളവിൽ ഉല്പാദനമേഖലയിൽ ഭക്ഷ്യവിളകളുടെ ഉല്പാദനം മെച്ചപ്പെടുത്തുന്നതിന് സമഗ്രനെൽക്കൃഷിവികസനം, പാടശേഖരങ്ങൾക്ക് റാമ്പ് നിർമ്മാണം, സംരക്ഷണഭിത്തി നിർമ്മാണം, ജലസേചനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രോജക്ടുകൾ തുടങ്ങിയവ ഏറ്റെടുത്തു നടപ്പാക്കിയിട്ടുണ്ട്.

മൃഗസംരക്ഷണമേഖലയിൽ പാൽ, മുട്ട എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് കന്നുകുട്ടിപരിപാലനം, മുട്ടക്കോഴിവളർത്തൽ തുടങ്ങിയ പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. തെരുവുനായനിയന്ത്രണപദ്ധതിയ്ക്ക് 2 ലക്ഷം രൂപ ജില്ലാപഞ്ചായത്ത് പ്രോജക്ടിന്റെ ഭാഗമായി നിക്ഷേപിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ യാതൊരു പ്രവർത്തനങ്ങളും നടത്തിയിട്ടില്ല.

സേവനമേഖലയിൽ കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണത്തിന് വൻതുക ചെലവഴിച്ചിട്ടുണ്ട്. കൃഷിഭവൻ, മൃഗാശുപത്രി, ഹോമിയോ-ആയുർവേദ ആശുപത്രികൾ പി.എച്ച്.സി എന്നിവയുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ശ്രദ്ധിച്ചിട്ടുണ്ട്. ആരോഗ്യമേഖലയിൽ പാലിയേറ്റീവ് കെയർ കാര്യക്ഷമമായി നടത്തിവരുന്നു.

സ്കൂളുകളുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് പദ്ധതിക്കാലയളവിൽ ഗണ്യമായ തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ അങ്കണവാടികളുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചിട്ടില്ല. ആകെയുള്ള 33 അങ്കണവാടികളിൽ 19 എണ്ണവും വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇവയിൽ പലതും പഴക്കംചെന്ന കെട്ടിടങ്ങളാണ്. ചിലതിന് ടോയ്‌ലറ്റ് ഉൾപ്പടെയുള്ള അടിസ്ഥാനസൗകര്യങ്ങളില്ല. കറന്റ്കണക്ഷൻ ലഭിച്ചിട്ടില്ലാത്ത അങ്കണവാടികളുമുണ്ട്. അങ്കണവാടികളുടെ അപര്യാപ്തതകൾ പരിഹരിക്കണമെന്നാവശ്യപ്പെട്ട് ലഭിച്ചിട്ടുള്ള അപേക്ഷകൾ പലതും കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനങ്ങളെടുത്തിട്ടുള്ളതായി മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തുടർനടപടിയെന്ന നിലയിൽ വാർഷികപദ്ധതികളിൽ പ്രോജക്ടുകൾ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും നടപ്പാക്കിയിട്ടില്ല. ഇത് പദ്ധതിനിർവ്വഹണത്തിൽ സംഭവിച്ച വീഴ്ചയാണ്. സ്റ്റുഡന്റ് പോലീസ് കേഡറ്റ് നടപ്പാക്കുന്നതിന് പഞ്ചായത്ത് വിഹിതം കൃത്യമായി നൽകി വരുന്നു.

പന്ത്രണ്ടാം പദ്ധതിക്കാലയളവിൽ വനിതാഘടകപദ്ധതിയിൽ ചെലവഴിച്ച 42,28,265 രൂപ കെട്ടിടനിർമ്മാണത്തിൽ മാത്രമായി ഒതുങ്ങി. കെട്ടിടത്തിന്റെ ഒന്നാം നില നിലവിൽ ഷോപ്പിംഗ് കോംപ്ലക്സായി ഉപയോഗിക്കുന്നു. വനിതകളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുതകുന്ന പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കാൻ സാധിക്കാത്തത് പദ്ധതി ആസൂത്രണത്തിലെയും നിർവ്വഹണത്തിലെയും പാളിച്ചയാണ്.

അമയന്നൂർ മഹാദേവക്ഷേത്രക്കുളത്തിന്റെ പുനരുദ്ധാരണത്തിന് 2014-15 വർഷം സർക്കാർ അനുവദിച്ച പ്രത്യേകഫണ്ട് 30 ലക്ഷം രൂപ നാളിതുവരെചെലവഴിച്ചിട്ടില്ല.

<u>പ്രധാന നിരീക്ഷണങ്ങൾ</u>

<u>ശ്മശാനം നിർമ്മാണം -പദ്ധതി നടപ്പാക്കാൻ സാധിച്ചില്ല</u>

പഞ്ചായത്തിന് പൊതുശ്മശാനം നിർമ്മിക്കുന്നതിന് പന്ത്രണ്ടാം പദ്ധതിക്കാലത്ത് വിവിധ വാർഷികപദ്ധതികളിൽ പ്രേജക്ടുകൾ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും നടപ്പാക്കിയിട്ടില്ല. ശ്മശാനനിർമ്മാണവും സംരക്ഷണവും പഞ്ചായത്തിന്റെ അനിവാര്യചുമതലയിൽപ്പെടുന്ന കാര്യമായതിനാൽ വരുംവർഷങ്ങളിൽ നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

വർക്കിംഗ് ഗ്രൂപ്പുകൾ നിർജ്ജീവം

പദ്ധതി ആസൂത്രണത്തിനായി 12 വിഷയമേഖലകളിലായി12 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. ഓരോ വിഷയമേഖലയിലും സ്റ്റാറ്റസ് റിപ്പോർട്ടുകളുടെയും മുൻഗണനാക്രമത്തിന്റെയും അടിസ്ഥാനത്തിൽ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളാണ്. വർക്കിംഗ് ഗ്രൂപ്പുകൾ നിരന്തരം യോഗം ചേർന്ന് പദ്ധതിപ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതുണ്ട്. എന്നാൽ പഞ്ചായത്തിൽ പദ്ധതിരൂപീകരണത്തിന്റെ ഭാഗമായി ഒറ്റത്തവണ മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിട്ടുള്ളത്.

<u>മോണിറ്ററിംഗ് ഫലപ്രദമായിരുന്നില്ല</u>

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് പ്രോജക്ടുകളോടൊപ്പം സൂക്ഷിച്ചിട്ടില്ല.

<u>സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതി പൂർത്തീകരിച്ചിട്ടില്ല</u>

2014-15 വർഷം വിഇഒ നിർവ്വഹണോദ്യോഗസ്ഥനായി ആരംഭിച്ച വായ്പാധിഷ്ഠിത സമ്പൂർണ്ണഭവനനിർമ്മാണ പദ്ധതി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. 2016-17 വർഷം അവസാനിക്കുമ്പോൾ 53 പേർ ഭവനനിർമ്മാണം പൂർത്തീകരിക്കാനുണ്ട്. 2015-16 വർഷത്തിനു മുമ്പ് കരാർ വെച്ച് നിർവ്വഹണം തുടങ്ങിയ സ്പിൽ ഓവർ പ്രോജക്ടുകൾ 17-18 ൽ പൂർത്തീകരിക്കുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള 6.7.17 ലെ സ.ഉ. (സാധാ) നം.2303/17/തസ്വഭവ ഉത്തരവിന്റെയടിസ്ഥാനത്തിൽ 17-18ൽ ടി പദ്ധതി സ്പിൽഓവർ പ്രോജക്ടായി ഉൾപ്പെടുത്തുന്നുണ്ട്. 17-18 വർഷം തന്നെ പദ്ധതി പൂർത്തീകരിക്കുന്നതിനാവശ്യമായ അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതിന് ഭരണതലത്തിലുള്ള പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-7 <u>തനതു വരുമാനം</u>

വാർഷിക കണക്കുകൾ പ്രകാരം മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 36.33% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം (2015-16) | തൻവർഷം (2016-17) | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 48,36,758/- | 65,11,587/- | 16,74,829/- | 34.62 |
| നികുതിയേതര വരവുകൾ | 11,30,388/- | 17,98,213/- | 6,67,825/- | 59.08 |
| മറ്റുവരവുകൾ | 5,33,401/- | 5,52,562/- | 19,161/- | 3.59 |
| ആകെ | 65,00,547/- | 88,62,362/- | 23,61,815/- | 36.33 |

രജിസ്റ്ററുകളുടെ സൂക്ഷിപ്പിലെ ന്യൂനത മൂലവും രേഖകളുടെ അഭാവം മൂലവും തനതുവരുമാനത്തിൽ ഉണ്ടായിട്ടുള്ള ഏറ്റക്കുറച്ചിലുകൾ കൃത്യമായി അപഗ്രഥിക്കാൻ സാധിച്ചിട്ടില്ല.

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക(രൂപ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 91,080/- | 47 |
| കർഷകതൊഴിലാളി പെൻഷൻ | 46,28,360/- | 499 |
| വിധവാപെൻഷൻ | 1,44,55,490/- | 1184 |
| വാർദ്ധക്യകാലപെൻഷൻ | 2,83,87,210/- | 2342 |
| വികലാംഗപെൻഷൻ | 84,96,185/- | 369 |
| 50 വയസ്സിനുമേൽ പ്രായമായ അവിവാഹിതർക്കുള്ള പെൻഷൻ | 7,33,280/- | 66 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 1,20,000/- | 4 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.07.2017 തീയതി 2.50 പി.എം.-ന് പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,864/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണസംവിധാനം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണസംവിധാനത്തിൽ പാളിച്ചകളുണ്ട്.

ഫ്രണ്ട് ഓഫീസിലെയും വിവിധ സെക്ഷനുകളിലെയും രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ വിവിധ സെക്ഷനുകൾ തമ്മിലുള്ള പൂർണ്ണമായ കോ-ഓർഡിനേഷൻ സാധ്യമായിട്ടില്ല. തന്മൂലം ഓഡിറ്റിൽ വിവരശേഖരണത്തിന് താമസം നേരിട്ടു. കോ-ഓർഡിനേഷന്റെ അഭാവം പഞ്ചായത്തിന്റെ ദൈനംദിനപ്രവർത്തനങ്ങളെയും ദോഷകരമായി ബാധിക്കുന്നുണ്ട്. ഓഡിറ്റ് എൻക്വയറികൾ 12എണ്ണംനൽകിയെങ്കിലും ഓഡിറ്റ് അവസാനിക്കുന്ന തീയതിയിൽ 2 എണ്ണത്തിനാണ് മറുപടി ലഭ്യമാക്കിയത്. തനതുഫണ്ടിൽ നിന്നുള്ള ചെലവുകളുടെ വൗച്ചറുകൾ പ്രസിഡണ്ട് സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല. ചെലവുകൾ ആധികാരികമാക്കാത്തത് ഗുരുതരമായ വീഴ്ചയാണ്. മേല്പറഞ്ഞ കാര്യങ്ങളിലേയ്ക്ക് പ്രസിഡണ്ടിന്റെയും ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
പഞ്ചായത്തിന്റെ നികുതി/നികുതിയേതര വരവിനങ്ങൾ കൈകാര്യം ചെയ്യുന്നതുമായി ബന്ധപ്പെട്ട അപാകതകളും ഓഡിറ്റിന്റെ നിർദ്ദേശങ്ങളും താഴെ കൊടുക്കുന്നു.

തൊഴിൽനികുതി : പഞ്ചായത്ത് പരിധിയിൽപ്പെടുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. മുൻ ഓഡിറ്റ് റിപ്പോർട്ടിൽ നിരവധി സ്വകാര്യ ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് ജീവനക്കാരുടെയും സ്ഥാപനങ്ങളുടെയും തൊഴിൽനികുതി ഈടാക്കാത്തത് പരാമർശിച്ചിരുന്നുവെങ്കിലും അവയിലൊന്നിനും നികുതി ഡിമാന്റ് ചെയ്തിട്ടില്ല.
വസ്തുനികുതി : സഞ്ചയ-സാംഖ്യ ഡാറ്റാ മാപ്പിങ്ങ് പൂർത്തിയായിട്ടില്ല. ഡി.സി.ബി. വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

ബിൽഡിങ്ങ് പെർമിറ്റ് : രജിസ്റ്ററിൽ പെർമിറ്റിനായി ലഭിക്കുന്ന അപേക്ഷകളുടെ എല്ലാ വിശദാംശങ്ങളും രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. വരവിന്റെ ആകെത്തുക രജിസ്റ്ററിൽ കണക്കാക്കി വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തേണ്ടതാണ്. പെർമിറ്റ് എടുത്ത എല്ലാ കെട്ടിടങ്ങളും നിർമ്മാണം പൂർത്തിയാക്കി വസ്തുനികുതി നിർണ്ണയിക്കപ്പെടുന്നുണ്ടോ എന്ന് നിരീക്ഷിക്കാൻ ഉതകുന്ന രീതിയിൽ പെർമിറ്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

ഡി & ഓ ട്രേഡ് ലൈസൻസ് : പഞ്ചായത്ത് വാർഡ് അടിസ്ഥാനത്തിലുള്ള ഡെയ്ഞ്ചേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. സഞ്ചയ വസ്തുനികുതി മൊഡ്യൂളിലെ അസസ്മെന്റ് പ്രകാരം ഏകദേശം 1300 എണ്ണത്തിലധികം കെട്ടിടങ്ങൾ പഞ്ചായത്ത് പരിധിയിൽ വാണിജ്യാവശ്യത്തിനായി ഉപയോഗിക്കപ്പെടുന്നുണ്ട്. എന്നാൽ തൻവർഷം 300-ൽ താഴെ എണ്ണം ലൈസൻസ് മാത്രമാണ് നൽകിയത്. ഡെയ്ഞ്ചേഴ്സ് ലിസ്റ്റ് കൃത്യമായി തയ്യാറാക്കി പഞ്ചായത്ത് പരിധിയിലുള്ള എല്ലാ വാണിജ്യ-വ്യവസായങ്ങളെയും ലൈസൻസ് പധിയിൽ ഉൾപ്പെടുത്തി നടപടികൾ 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ക്രമീകരിക്കേണ്ടതാണ്.

വാടക : ഷോപ്പിങ്ങ് കോംപ്ലക്സ് വാടക രജിസ്റ്ററിൽ മുറികളെ സംബന്ധിക്കുന്ന എല്ലാ വിശദാംശങ്ങളും പ്രതിഫലിക്കുന്നില്ല. കെട്ടിടത്തിന്റെ ബിൽഡിങ്ങ് നം., കെട്ടിടത്തിന്റെ പേര്, മുറി നം., കുത്തകക്കാരന്റെ മേൽവിലാസം, ഡെപോസിറ്റ് തുകയുടെ വിശദാംശങ്ങൾ, നിർണ്ണയിച്ച മാസവാടക, വാടകയുടെ ഒടുക്കിന്റെ വിശദാംശം തുടങ്ങിയ എല്ലാ വിവരങ്ങളും രജിസ്റ്ററിൽ പ്രതിഫലിക്കേണ്ടതാണ്. ഒഴിഞ്ഞുകിടക്കുന്ന മുറികളുടെ വിവരം രജിസ്റ്ററിൽ നിന്നും വ്യക്തമാകേണ്ടതാണ്. മുറികളുടെ വിവരങ്ങളടങ്ങിയ ഇൻഡക്സ്, വാടക ഡി.സി.ബി. എന്നിവ തയ്യാറാക്കേണ്ടതാണ്. ഡി.സി.ബി.-യിൽ നിന്നും ഡി.സി.ബി.-സംക്ഷിപ്തം തയ്യാറാക്കി വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.06.2017-24.06.2017 | 5/2017 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06.12.2014 | 2009-10 മുതൽ 2013-14 വരെ | എൽ.ബി.എ.(എച്ച്.ക്യു.) 2/84/2223/322 തീയതി 02.01.2015 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകളുടെ അവലോകനവും വിശകലനവും

അയർക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2016-17 ധനകാര്യ പത്രികയുടെ ഭാഗമായ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം തൻവർഷ പ്രവർത്തന മിച്ചം 4,56,681/- രൂപയാണ്. ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള ആകെ വരുമാനം 12,83,69,492/- രൂപയും ചെലവ് 1,279,12,811/- രൂപയുമാണ്. റസീറ്റ് & പേമെന്റ് പത്രിക പ്രകാരം തൻവർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) 7,37,69,875/- രൂപയും ആകെ ചെലവ്(നീക്കിയിരിപ്പ് ഒഴികെ) 5,55,72,520/- രൂപയുമാണ്. 31.03.2017 ലെ കാഷ്/ബാങ്ക് നീക്കിയിരിപ്പ് 1,81,97,355/- രൂപയാണ്. 31.03.2017-ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആകെ ആസ്തിമൂല്യം 6,72,05,212/- രൂപയും ആകെ ബാധ്യതകളുടെ മൂല്യം(ജനറൽ ഫണ്ട് ഒഴികെ) 7,24,72,750.9/- രൂപയുമാണ്. പ്രസ്തുത തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ട് 1,89,09,238.80/- രൂപയായി കണക്കാക്കപ്പെട്ടിട്ടുണ്ട്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രിക പരിശോധിച്ച് വിശകലനം ചെയ്തതിൽ നിന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകളുടെ വിശദാംശം താഴെ ചേർക്കുന്നു.

1) 26.07.2011-ലെ ജി.ഒ.(എം.എസ്) 152/11/എൽ.എസ്.ജി.ഡി. യിലെ നിർദേശം പാലിച്ച് ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

2) ഗ്രാമ പഞ്ചായത്തിന്റെ ആസ്തി-ബാധ്യതകളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തുന്ന നടപടിക്രമങ്ങൾ പൂർണ്ണമായിട്ടില്ല. അതിനാൽ ധനകാര്യ പത്രിക പ്രകാരം കണക്കാക്കിയ ജനറൽ ഫണ്ട് കൃത്യമല്ല.

3) ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം (Land) കൃത്യമായി കണക്കാക്കിയിട്ടില്ല. ഭൂമിയുടെ മൂല്യം കാണിക്കുന്ന കണക്ക് ശീർഷകം 31.03.2017-വരെ അക്കൗണ്ട് ചെയ്ത് തുടങ്ങിയിട്ടില്ല. ഭൂമിയുടെ മൂല്യമായി 410100105-Land-Burial Grounds എന്ന ശീർഷകത്തിലുള്ള 4,30,598/- രൂപയുടെ ആസ്തി മാത്രമാണുള്ളത്.

4) 31.03.2017-ലെ റീക്കൺസിലേഷൻ പത്രികയിൽ ഇഷ്യൂ ചെയ്ത് ദീർഘകാലമായിട്ടും പണമാക്കി മാറ്റാത്ത തനത് ഫണ്ട് ചെക്കിന്റെ മൂല്യം അക്കൗണ്ടിൽ ക്രമീകരിക്കാത്തതായി കാണുന്നു. തനത് ഫണ്ട് ബാങ്ക് അക്കൗണ്ട് റീക്കൺസിലേഷനിലെ പ്രസ്തുത ചെക്കിന്റ വിശദാംശം ചുവടെ ചേർക്കുന്നു.

| വൗച്ചർ നം./തീയതി | ചെക്ക് നം./തീയതി | തുക(രൂപ) |
|---|---|---|
| 21500680/21.12.2015 | 21547/21.12.2015 | 520/- |

അക്കൗണ്ടിലെ അപാകത ജേർണൽ വൗച്ചർ ചെയ്ത് ക്രമീകരിക്കേണ്ടതാണ്.

5) 350300109-Government and Other Dues Payable-Refund of Unutilised Grants of Prior Period എന്ന കണക്ക് ശീർഷകത്തിൽ 31.03.2017-ൽ നിലനിൽക്കുന്ന ബാധ്യത 3,68,311/- രൂപയുടെ വിശദാംശം ബന്ധപ്പെട്ട രജിസ്റ്ററിൽ ലഭ്യമല്ല.

6)31.03.2017-ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-12 ലെ 420800199-Other Investments എന്ന ശീർഷകത്തിലെ 1,000/- രൂപയുടെ ആസ്തിയുടെ വിശദാംശം ലഭ്യമല്ല.
7)സഞ്ചയ-സാംഖ്യ മാപ്പിങ്ങ് പൂർത്തിയായിട്ടില്ലാത്തിതിനാൽ വസ്തുനികുതിയുടെ ഡിമാന്റ് തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
8)കെ.എസ്.ഇ.ബി.-യിൽ മുൻകൂറായി 8,91,855/- രൂപ ഡെപോസിറ്റ് ചെയ്തത് 410600102-Electricity-Line Extension എന്ന ശീർഷകത്തിൽ സുസ്ഥിര ആസ്തിയായിട്ടാണ് സാംഖ്യയിൽ അക്കൗണ്ട് ചെയ്തിരിക്കുന്നത്. പ്രസ്തുത തുക 460600101-Electricity Deposits എന്ന ശീർഷകത്തിലായിരുന്നു അക്കൗണ്ട് ചെയ്യേണ്ടിയിരുന്നത്. അപാകത ജേർണൽ വൗച്ചർ ചെയ്ത് ക്രമീകരിക്കേണ്ടതാണ്.
9) കൊയ്ത്തുമെതി യന്ത്രത്തിന്റെ വാടകയിനത്തിൽ 14.11.2016-ൽ ലഭിച്ച 70,000/- രൂപ 340109901-Other Deposits എന്ന ശീർഷകത്തിൽ ബാധ്യതയായിട്ടാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്(രസീത് നം.11602500024/14.11.2016). പ്രസ്തുത തുക പഞ്ചായത്തിന്റെ വരവായി ക്രമീകരിക്കേണ്ടതാണ്.
10) എം.ജി.എൻ.ആർ.ഇ.ജി.എസ്. ന്റെ വരവ്-ചെലവ് കണക്കുകൾ (ക്യാഷ് ബുക്ക് പ്രകാരം) ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.
പഞ്ചായത്തിന്റെ ധനകാര്യ റിപ്പോർട്ടിങ്ങിലും അക്കൗണ്ടിങ്ങിലും മേൽസൂചിപ്പിച്ച അപാകതകൾ നിലനിൽക്കുന്നുണ്ട്. പഞ്ചായത്ത് ആസ്തികളുടെ വിനിയോഗവും വിനിമയവും സംബന്ധിച്ച വിശദാംശം ധനകാര്യ പത്രികയിൽ പ്രതിഫലിക്കുന്നില്ല.

## 2-2 മൂല്യവർദ്ധിത നികുതി തുക പഞ്ചായത്തിന്റെ വരവായി അക്കൗണ്ട് ചെയ്തു

എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയർ മാന്വൽ രസീത് മുഖാന്തിരം ടെന്റർ ഫോമിന്റെ വില, മൂല്യവർദ്ധിത നികുതി(VAT) എന്നിവ പഞ്ചായത്തിൽ അടവാക്കിയപ്പോൾ സർക്കാരിലേക്ക് ഒടുക്കേണ്ട മൂല്യവർദ്ധിത നികുതി തുകയും പഞ്ചായത്തിന്റെ വരവായി സാംഖ്യയിൽ അക്കൗണ്ട് ചെയ്ത് രസീത് നൽകി. വിശദാംശം ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ നം. | മാന്വൽ രസീത് ബുക്ക്(രസീത്)/ തീയതി | ടെന്റർ ഫോമിന്റെ വില (രൂപ) | VAT | പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയ കമ്പ്യൂട്ടർ രസീത് നം./തീയതി |
|---|---|---|---|---|
| 1. | 31027(1-65)/ 29.11.2016 | 1,17,200/- | 5,885/- | 11602104311/30.11.2016 |
| 2. | 31027(66-100)/ 26.12.2016 | 70,300/- | 3,515/- | 11602104650/27.12.2016 |
| ആകെ തുക | | 1,87,500/- | 9,400/- | ആകെ 1,96,900/- രൂപ |

അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലെ കളക്ഷൻ രജിസ്റ്ററിൽ മേൽപട്ടികയിൽ സൂചിപ്പിച്ച പ്രകാരം ടെന്റർ ഫോമിന്റെ വില, മൂല്യവർദ്ധിത നികുതി എന്നിങ്ങനെ പ്രത്യേകം രേഖപ്പെടുത്തിയിരുന്നു. എന്നാൽ പ്രസ്തുത തുകകൾ 30.11.2016, 27.12.2016 തീയതികളിൽ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയതിന് രസീത് നൽകിയത് 150110101-Sale of Tender Forms എന്ന കണക്ക് ശീർഷകത്തിൽ പഞ്ചായത്തിന്റെ വരവായി അക്കൗണ്ട് ചെയ്തിട്ടാണ്. പ്രസ്തുത രസീതുകൾ പ്രകാരം ടെന്റർ ഫോമിന്റെ വിലയായി പഞ്ചായത്ത് ഫണ്ടിൽ അക്കൗണ്ട് ചെയ്യപ്പെട്ട ആകെ തുകയിലെ 9,400/- രൂപ മൂല്യവർദ്ധിത നികുതിയിനത്തിൽ സർക്കാരിലേക്ക് അടവാക്കേണ്ട തുകയായിരുന്നു. 350300103-Government and Other Dues Payable-Value Added Tax എന്ന ശീർഷകത്തിൽ ബാധ്യതയായിട്ടാണ് 9,400/- രൂപ അക്കൗണ്ട് ചെയ്യേണ്ടിയിരുന്നത്.

അക്കൗണ്ടിങ് നടപടിക്രമത്തിലെ അപാകത മൂലം മൂല്യവർദ്ധിത നികുതിയിനത്തിലുള്ള 9,400/- രൂപ സർക്കാരിലേക്ക് അടവാക്കിയില്ല. അക്കൗണ്ടിങ്ങിൽ സംഭവിച്ച പിഴവുമൂലം പ്രസ്തുത മൂല്യവർദ്ധിത നികുതി തുകയുടെ

വിശദാംശം ധനകാര്യപത്രികയിലും പ്രതിഫലിക്കുന്നില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.1/12.07.2017) നൽകിയതിന് മറുപടി ലഭ്യമായില്ല. അക്കൗണ്ടിങ്ങിൽ സംഭവിച്ച അപാകത ജേർണൽ വൗച്ചർ ചെയ്ത് ക്രമീകരിക്കേണ്ടതാണ്. മൂല്യവർദ്ധിത നികുതി സഞ്ചിതനിധിയിലെ നിശ്ചിത ശീർഷകത്തിൽ അടവാക്കി വിശദാംശം ഓഡിറ്റിനെ രേഖാമൂലം അറിയിക്കേണ്ടതാണ്.

## 2-3 പഞ്ചായത്ത് പരിധിയിൽ വസ്തുനികുതി നിർണ്ണയിക്കാത്ത മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നു

പഞ്ചായത്ത് പരിധിയിൽ വസ്തുനികുതി നിർണ്ണയം നടത്താത്ത മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നതായി കാണുന്നു. മൊബൈൽ ടവറുകൾ കൃത്യമായി കണ്ടെത്തി നികുതി നിർണ്ണയം നടത്തിയിട്ടില്ലാത്തതിനാൽ ഭീമമായ നികുതിനഷ്ടം ഉണ്ടാകുന്നു. 14.07.2017 തീയതിയിൽ എൽ.എസ്.ജി.ഡി. ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ അയർക്കുന്നം ടൗൺ പ്രദേശത്ത് പഞ്ചായത്ത് 7-ാം വാർഡിൽ നികുതി നിർണ്ണയിക്കാതെ ദീർഘകാലമായി പ്രവർത്തിച്ചുവരുന്ന 2 ടവറുകൾ കണ്ടെത്തി. റിലൈൻസ് കമ്മ്യൂണിക്കേഷൻ, ടാറ്റാ ഇൻഡിക്കോം എന്നീ കമ്പനികളുടെ ഉടമസ്ഥതയിലുള്ളതാണ് പ്രസ്തുത ടവറുകളെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. എന്നാൽ പഞ്ചായത്ത് സഞ്ചയ സോഫ്റ്റ്‌വെയറിലെ വസ്തുനികുതി നിർണ്ണയിച്ചത് 7-ാം വാർഡിൽ ഐഡിയ മൊബൈൽ ടവറിന് മാത്രമാണ്.

പഞ്ചായത്ത് നികുതി നിർണ്ണയിച്ച ആകെ 6 ടവറുകളുടെ നികുതി മാത്രമാണ് നാളിതുവരെ ഡിമാന്റ് ചെയ്തത്. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ ടവറുകളും നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല എന്നത് വ്യക്തമാണ്. ഏറ്റവും ഉയർന്ന നിരക്കായ ചതുരശ്ര മീറ്ററിന് 500/- രൂപ ചുമത്തേണ്ട മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയിക്കാത്തത് മൂലം പഞ്ചായത്ത് ഫണ്ടിന് ഈയിനത്തിൽ വൻതുക വരുമാന നഷ്ടം സംഭവിക്കുന്നു. മൊബൈൽ ടവറുകളുടെ വസ്തുനികുതി അടവാക്കുന്നത് നിരീക്ഷിക്കുന്നതിന് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.5/14.07.2017) നൽകിയതിന് മറുപടി ലഭിച്ചില്ല. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ മൊബൈൽ ടവറുകളും കണ്ടെത്തി വസ്തുനികുതി ചുമത്തേണ്ടതാണ്. വസ്തുനികുതി നിർണ്ണയിക്കുന്നതിന് ടവറിന്റെ ബേസ് ഏരിയ, ബാറ്ററി മുറി, ജനറേറ്റർ മുറി തുടങ്ങിയ അനുബന്ധ മുറികളുടെ ആകെ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലാണ്. ടവറുകളുടെ വിശദാംശങ്ങളും വസ്തുനികുതി അടവാക്കലും നിരീക്ഷിക്കുന്നതിന് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. നടപടിക്രമങ്ങൾ പൂർത്തിയാക്കി വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയത്തിൽ അപാകത

14.01.2011-ലെ ജി.ഒ.(പി) 19/2011/ത.സ്വ.ഭ.വ-ന്റെ അടിസ്ഥാനത്തിൽ മൊബൈൽ ടവറുകളുടെ അടിസ്ഥാന വസ്തുനികുതി ചതുരശ്ര മീറ്ററിന് 500/- രൂപയായി 2013-14 ഒന്നാം അർദ്ധവർഷം മുതൽ പരിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പ്രദേശത്ത് സ്ഥാപിച്ചിട്ടുള്ള മൊബൈൽ ടെലിക്കമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി നിർണ്ണയിച്ചപ്പോൾ തറ വിസ്തീർണ്ണം കണക്കാക്കിയതിൽ അപാകതയുള്ളതായി കാണുന്നു(2013-14 ഒന്നാം അർദ്ധവർഷം മുതൽ പ്രാബല്യം). സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ വിശദാംശങ്ങൾ പ്രകാരം അയർക്കുന്നം ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന 6 മൊബൈൽ ടവറുകളാണ് നാളിതുവരെ നികുതിനിർണ്ണയം നടത്തിയിട്ടുള്ളത്. മൊബൈൽ ടവറുകളുടെ നികുതിനിർണ്ണയത്തിൽ വിസ്തീർണ്ണം കണക്കാക്കിയപ്പോൾ ബാറ്ററി മുറി, സെക്യൂരിറ്റി മുറി, ജനറേറ്റർ മുറി എന്നിങ്ങനെയുള്ള അനുബന്ധ കെട്ടിടങ്ങൾക്കെല്ലാം ഉൾപ്പടെയുള്ള വിസ്തീർണ്ണം കണക്കാക്കിയല്ല നികുതി നിർണ്ണയം നടത്തിയിട്ടുള്ളത് എന്ന് 14.07.2017-ൽ എൽ.എസ്.ജി.ഡി. ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ വ്യക്തമായി. പഞ്ചായത്ത് പരിധിയിലുള്ള 2 മൊബൈൽ ടവറുകളുടെ പരിശോധന നടത്തിയപ്പോൾ കണ്ടെത്തിയ വിശദാംശം പ്രകാരം പഞ്ചായത്ത് ഫണ്ടിന്റെ നഷ്ടം ചുവടെ ചേർക്കും പ്രകാരമാണ്.

| കെട്ടിട നം. | ടവറിന്റെ പേര് | സഞ്ചയ പ്രകാരമുള്ള തറവിസ്തീർണ്ണം | അടിസ്ഥാന നികുതി + വർദ്ധന – | സ്ഥലപരിശോധന വേളയിൽ അളന്ന് തിട്ടപ്പെടുത്തിയ | അടിസ്ഥാന നികുതി + വർദ്ധന – ഇളവ് | ഡിമാന്റിലുണ്ടായ ഒരു വർഷത്തെ നികുതി നഷ്ടം |
|---|---|---|---|---|---|---|

| | | (ച.മീ.) | ഇളവ് നിർണ്ണയിച്ച നികുതി | വിസ്തീർണ്ണം(ച.മീ.) | നിർണ്ണയിക്കേണ്ട നികുതി | |
|---|---|---|---|---|---|---|
| 12/62/A | സബ് ഡിവിഷണൽ എഞ്ചിനീയർ, ബി.എസ്.എൻ.എൽ | 5 | 2500+ 20%-10% 2750/- | 21.54 | 10770+ 20%-10% 11847/- | 9,097/- |
| 7/431/A | ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻ | 15 | 7500+20% വർദ്ധനവ് 9000/- | 48.00 | 24000+ 20% വർദ്ധനവ് 28800/- | 19,800/- |
| രണ്ട് ടവറുകളിൽ നിന്നുള്ള വാർഷിക നികുതി നഷ്ടം | | | | | | 28,897/- |

പഞ്ചായത്ത് നികുതി നിർണ്ണയം നടത്തിയ(സഞ്ചയ സോഫ്റ്റ്വെയറിലെ വിശദാംശം പ്രകാരം) 6 ടവറുകളിൽ 2 എണ്ണം സ്ഥലപരിശോധന നടത്തിയപ്പോൾ മേൽപട്ടികയിൽ സൂചിപ്പിച്ച പ്രകാരം പ്രതിവർഷം 28,897/- രൂപ വീതം 2013-14 മുതൽ 2016-17 വരെ 4 വർഷം 1,15,558/- രൂപയുടെ നികുതി നഷ്ടം സംഭവിച്ചിട്ടുണ്ട്. സഞ്ചയയിൽ വസ്തുനികുതി നിർണ്ണയിച്ച മറ്റ് ടവറുകൾക്കും വളരെ കുറഞ്ഞ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് നികുതി കണക്കാക്കിയിട്ടുള്ളത് എന്ന് ടവറുകളുടെ ഫോറം-6 ൽ നിന്നും വ്യക്തമാണ്.

മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയിച്ചതിലുള്ള പിഴവുമൂലം പഞ്ചായത്ത് ഫണ്ടിന് സംഭവിച്ച ഭീമമായ നഷ്ടത്തിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.6/14.07.2017) ലഭ്യമാക്കിയ മറുപടിയിൽ തുടർനടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചു. മേൽപറഞ്ഞ ടവറുകളുടെ വസ്തുനികുതി പുനർനിർണ്ണയിച്ച് 2013-14 മുതലുള്ള കുടിശികയടക്കം ഈടാക്കേണ്ടതാണ്. നികുതി പരിഷ്കരിച്ച മറ്റ് ടവറുകളുടെ വിസ്തീർണ്ണം സ്ഥലപരിശോധന നടത്തി കൃത്യത പരിശോധിക്കേണ്ടതാണ്. മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയതിന്റെ വിശദാംശം ഓഡിറ്റിനെ രേഖാമൂലം അറിയിക്കേണ്ടതാണ്.

## 2-5 വസ്തുനികുതി കുടിശികയിനത്തിൽ വലിയ തുക പിരിച്ചെടുക്കാൻ ശേഷിക്കുന്നു

വസ്തുനികുതിയിനത്തിൽ 31.03.2017-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം പഞ്ചായത്തിന് ലഭിക്കാനുള്ള തുകയുടെ വിശദാംശം താഴെ ചേർക്കുന്നു.

| കണക്ക് ശീർഷകം | വസ്തുനികുതി ഇനം | തുക(ലൈബ്രറി സെസ് ഉൾപ്പടെ) |
|---|---|---|
| 431100101 | Residential (2016-17) | 13,21,982/- |
| 431100102 | Residential (Arrear) | 23,20,416/- |
| 431100103 | Non-Residential (2016-17) | 10,98,175/- |
| 431100104 | Non-Residential (Arrear) | 16,26,085/- |
| ആകെ | | 63,66,658/- |

വാർഷിക കണക്കുകൾ പ്രകാരം 01.04.2017-ൽ വസ്തുനികുതി കുടിശിക ലൈബ്രറി സെസ്സ് ഉൾപ്പടെ 63,66,658/- രൂപയായി കണക്കാക്കപ്പെട്ടിട്ടുണ്ട്. വസ്തുനികുതിയിലെ കുടിശിക 2017-18 വർഷത്തിൽ പൂർണ്ണമായും പിരിച്ചെടുക്കാനുള്ള സത്വരനടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-6 ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കാത്തത്

2016-17 വർഷം ചുവടെ കൊടുത്തിരിയ്ക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനത്തിന്റെ പേര് | ഈടാക്കേണ്ട അർദ്ധവർഷം |
|---|---|
| കൊശമറ്റം ഫിനാൻസ്, അയർക്കുന്നം | 1 |
| ചെമ്മണ്ണൂർ ക്രെഡിറ്റ് &ഇൻവെസ്റ്റ്മെന്റ് ലി.അയർക്കുന്നം | 1,2 |
| കോട്ടയം ഇന്റഗ്രേറ്റഡ് പവർലൂം ഇൻഡസ്ട്രിയൽ കോപ്പറേറ്റീവ് സൊസൈറ്റി, അയർക്കുന്നം | 1,2 |
| ശബരി സൂപ്പർമാർക്കറ്റ്, അയർക്കുന്നം | 2 |
| തഹസിൽദാർ, കോട്ടയം (രജിസ്റ്റർ പ്രകാരം) | 1,2 |
| ഐ സി ഡി പി സബ്സെന്റർ, അയർക്കുന്നം | 1,2 |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കി വിവരം അറിയിയ്ക്കേണ്ടതാണ്.

## 2-7 സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത്

ചുവടെ കൊടുത്തിരിയ്ക്കുന്ന സ്ഥാപനങ്ങളിൽ നിന്നും 2016-17 വർഷം അവയുടെ വാർഷിക ടേണോവറിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനത്തിന്റെ പേര് | ഈടാക്കേണ്ട അർദ്ധവർഷം |
|---|---|
| സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് ലി. തിരുവഞ്ചൂർ | 1 |
| എച്ച്.ഡി.എഫ്.സി.ബാങ്ക്, ഒറവയ്ക്കൽ | 1,2 |
| സെന്റ്. ജൂഡ് ആശുപത്രി, അയർക്കുന്നം | 2 |
| കൊശമറ്റം ഫിനാൻസ്, അയർക്കുന്നം | 1 |
| മുത്തൂറ്റ് ഫിൻകോർപ്പ്, തിരുവഞ്ചൂർ | 1,2 |

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-8 വാടക സെക്യൂരിറ്റി നിക്ഷേപം ഒടുക്കാതെ കുത്തകക്കാർ തുടരുന്നു

2016-17 വർഷം പഞ്ചായത്ത് ഉടമസ്ഥതയിലുള്ള പഴയ ഷോപ്പിങ്ങ് കോംപ്ലക്സ്, പുതിയ ഷോപ്പിങ്ങ് കോംപ്ലക്സ്, മാർക്കറ്റിലെ മുറികൾ ഉൾപ്പടെ ആകെ 34 മുറികൾ വിവിധ കുത്തകക്കാർക്ക് വാടകയ്ക്ക് നൽകിയിട്ടുണ്ട്. പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതിനുള്ള വ്യവസ്ഥകൾ പ്രസ്താവിക്കുന്ന ബൈ-ലോ നിലവിലില്ല. കുത്തകക്കാർ മാസവാടകയിൽ 5% വാടക വർദ്ധനവ് വരുത്തി തുടരുകയാണ് ചെയ്തുവന്നിട്ടുള്ളത്. വാർഷിക ധനകാര്യ പത്രിക പ്രകാരം വാടകയിനത്തിൽ 6,68,974/- രൂപ ഡിമാന്റ് ചെയ്തിട്ടുണ്ട്. എന്നാൽ 31.03.2017-ലെ ബാലൻസ് ഷീറ്റിൽ വാടക നിക്ഷേപം ഇനത്തിൽ ആകെ 1793/- രൂപയാണ് ബാധ്യതയായി നിലനിൽക്കുന്നത്. കുത്തകക്കാർ സെക്യൂരിറ്റി നിക്ഷേപം ഒടുക്കാതെ തുടരുന്നതിനാൽ കരാർ ഒഴിയുമ്പോൾ അവരുടെ ബാദ്ധ്യതകൾ ക്രമീകരിക്കുന്നതിന് സാധ്യമാകാതെ വരുന്നു.

മുറികൾ വാടകയ്ക്ക് നൽകുമ്പോൾ വ്യക്തമായ വ്യവസ്ഥകളുള്ള ബൈ-ലോ തയ്യാറാക്കേണ്ടതും വാടകയ്ക്ക് നൽകുന്ന നടപടികൾ ആയതിന് അനുസൃതമായി ക്രമീകരിക്കേണ്ടതുമാണ്. എല്ലാ കുത്തകക്കാരിൽ നിന്നും സെക്യൂരിറ്റി നിക്ഷേപതുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ബാധ്യതയായി സാംഖ്യ കണക്ക് ശീർഷകം 340200101-Rent

Deposit-ൽ സൂക്ഷിക്കേണ്ടതാണ്. വാടക സെക്യൂരിറ്റി നിക്ഷേപം എല്ലാ കുത്തകക്കാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയതിന്റെ വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-9 സ്വകാര്യ ആശുപത്രികൾ/പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കാത്തത്

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന ചുവടെ കൊടുത്തിരിയ്ക്കുന്ന സ്ഥാപനങ്ങൾ 1997ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം 16-17 വർഷം രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല.

| സ്ഥാപനമുടമയുടെ പേര് | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|
| ഡോ.വിജയൻ, അറയ്ക്കൽ വീട് | ഉത്തര ആയുർവ്വേദ ക്ലിനിക് | ഡോക്ടർ -1<br>നഴ്സ്- 2 |
| ഡോ.ജോജി ടി.സെബാസ്റ്റ്യൻ, കൊറ്റത്തിൽ വീട് | കൊറ്റത്തിൽ ആയുർവ്വേദ ആശുപത്രി | ഡോക്ടർ-3<br>നഴ്സ്-8<br>ഫാർമസിസ്റ്റ്-1 |
| സി. സുപ്പീരിയർ, ജപമാലഭവൻ, അമയന്നൂർ | കാരുണ്യാലയ ക്ലിനിക്ക് - പെയിൻ & പാലിയേറ്റീവ് കെയർ യൂണിറ്റ്, അമയന്നൂർ | ഡോക്ടർ-1<br>നഴ്സ്- 3 |
| ഡോ.ജോൺ റെജു ഫിലിപ്പ്, | ജിയോ ദന്തൽക്ലിനിക്, അയർക്കുന്നം | ലഭ്യമല്ല |
| ഡോ.ആഷാ സണ്ണി, വഴനത്തോട്ടത്തിൽ | ജീവമിത്ര ആയുർവ്വേദ ക്ലിനിക് &പഞ്ചകർമ്മ സെന്റർ, അമയന്നൂർ | ലഭ്യമല്ല |
| ഡോ.രാധാകൃഷ്ണൻ | സൂര്യ ഹോമിയോ ക്ലിനിക്, അയർക്കുന്നം | ഡോക്ടർ-1 |
| മിനി പ്രസാദ്, വടക്കേടത്ത് | അക്ഷണ ലബോറട്ടറി, അറുമാന്നൂർ | ലഭ്യമല്ല |
| ഡോ.തങ്കം കൃഷ്ണാഞ്ജലി | ചിത്തിര മെഡിക്കൽ സെന്റർ, അയർക്കുന്നം | ഡോക്ടർ- 2 |

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. മേൽ പറഞ്ഞ സ്ഥാപനങ്ങൾ ഉൾപ്പെടെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസ് എടുത്തിട്ടുണ്ടോയെന്നും, ടി സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൻവർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടോയെന്നും പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

## 2-10 ദുരിതാശ്വാസനിധി നാളിതുവരെ രൂപീകരിച്ചിട്ടില്ല

1994-ലെ കേരളാപഞ്ചായത്ത് രാജ് ആക്ട് 166, 177, 254 വകുപ്പുകൾ പ്രകാരവും 2003-ലെ കേരളാപഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും ചട്ടങ്ങളും) പ്രകാരവുമുള്ള ദുരിതാശ്വാസനിധി നാളിതുവരെ അയർക്കുന്നം പഞ്ചായത്തിൽ രൂപീകരിച്ചിട്ടില്ല. പ്രകൃതിക്ഷോഭങ്ങൾ, മാരകരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിയ്ക്കുന്നവരും ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ജീവിയ്ക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിരസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തും, ഒരു പ്രമേയം മൂലം, ഗ്രാമപഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിയ്ക്കുന്ന ഒരു ദുരിതാശ്വാസനിധി രൂപീകരിക്കേണ്ടതാണ്. ധനശേഖരണാർത്ഥമുള്ള കലാ-കായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും വ്യക്തികൾ സംഘടനകൾ, സ്ഥാപനങ്ങൾ, എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസനിധി രൂപീകരിയ്ക്കുന്നതിനാവശ്യമായ ധനം സ്വരൂപിയ്ക്കാവുന്നതാണ്. ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചിട്ടില്ല

സ.നം. 65529/ഡി.സി.3/12 ത.സ്വ.ഭ.വ. 12.3.13 പ്രകാരം എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോടുകൂടിയ ഓട്ടോമാറ്റിക് തെരുവുവിളക്കുകൾ സ്ഥാപിക്കേണ്ടതാണ്. തെരുവുവിളക്കിന്റെ കറണ്ട് ചാർജ്ജിനത്തിൽ ഭീമമായ തുക ഒടുക്കുന്നതായി കാണുന്നു. തെരുവുവിളക്കുകൾക്ക് മീറ്റർ ഘടിപ്പിക്കുന്നതിനായി മുൻവർഷങ്ങളിൽ കെ.എസ്.ഇ.ബി.യിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും പഞ്ചായത്തിലെ എല്ലാ തെരുവുവിളക്കുകൾക്കും മീറ്റർ സ്ഥാപിച്ചിട്ടുള്ളതായി കാണുന്നില്ല. കെ.എസ്.ഇ.ബി യുടെ ഡിമാൻഡ് നോട്ടീസ് പ്രകാരം 78 തെരുവുവിളക്കുകൾക്ക് മീറ്റർ ഘടിപ്പിച്ചിട്ടുണ്ട്. പഞ്ചായത്തിലെ ആകെ തെരുവുവിളക്കുകളുടെ എണ്ണം, മീറ്റർ ഘടിപ്പിച്ചവയുടെ എണ്ണം, മീറ്റർ ഘടിപ്പിക്കാത്തവയുടെ എണ്ണം, തെരുവുവിളക്കിന്റെ രജിസ്റ്റർ, സംയുക്ത പരിശോധന നടത്തിയതിന്റെ വിശദാംശങ്ങൾ എന്നിവ ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. ആയതിനാൽ കെ.എസ്.ഇ.ബി യുമായി ബന്ധപ്പെട്ട് മീറ്റർ ഘടിപ്പിക്കാത്ത തെരുവുവിളക്കുകൾക്ക് ആയത് സ്ഥാപിയ്ക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 3-2 വാട്ടർ ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല

വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള പഞ്ചായത്ത് പരിധിയിൽപ്പെട്ട പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന (ജി.ഒ.ആർ.ടി.2242/11/ ത.സ്വ.ഭ.വ. /28.9.2011) നാളിതുവരെ നടത്തിയിട്ടില്ല. മാസം തോറും വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസിൽ പറയുന്ന 307 ടാപ്പുകൾക്ക് 1,34,313 രൂപയോളം വെള്ളക്കരമായി ഒടുക്കുന്നുണ്ട്. സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തേണ്ടതും വെള്ളക്കരമിനത്തിൽ ഒടുക്കുന്ന തുകയുടെ കൃത്യത ഉറപ്പാക്കേണ്ടതും, വാർഡ് തിരിച്ചുള്ള ടാപ്പുകളുടെ കണക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

### 3-3 മൊബൈൽ മാപ്പിംഗ്- തുടർ നടപടികൾ സ്വീകരിച്ചില്ല

വൗച്ചർ നം.21600102 തീ: 24.5.16 പ്രകാരം 9,500 രൂപ ചെലവഴിച്ച് ലെനോവോ A 7000 മോഡലിലുള്ള ഫോൺ വാങ്ങിയിട്ടുണ്ട്. പ്രസ്തുത ഫോൺ കേന്ദ്ര പഞ്ചായത്ത് മന്ത്രാലയം വികസിപ്പിച്ച m-asset എന്ന ആപ്ലിക്കേഷൻ വഴി പഞ്ചായത്തിലെ സ്ഥാവര ആസ്തികളുടെ മാപ്പിംഗ് നടത്തുന്നതിനായി മാത്രം അനുവദിച്ചിട്ടുള്ളതായതിനാൽ ടി ആവശ്യത്തിനായി ആയത് പ്രയോജനപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയില്ലെങ്കിലും മൊബൈൽ ഫോൺ ഓഡിറ്റിൽ ഹാജരാക്കുകയും നിലവിൽ പഞ്ചായത്തിലെ ടെക്നിക്കൽ അസിസ്റ്റന്റ് ഉപയോഗിയ്ക്കുന്നതായും പറഞ്ഞു. കേന്ദ്ര പഞ്ചായത്ത് മന്ത്രാലയത്തിന്റെ നിർദ്ദേശ പ്രകാരം സ്ഥാവര ആസ്തികളുടെ മാപ്പിംഗിനായി മൊബൈൽ ഫോൺ പ്രയോജനപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

### 3-4 വാഹന ഉപയോഗം - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല

പഞ്ചായത്തിന്റെ ഔദ്യോഗികവാഹനമായ KL05 AD 8120 ബൊലേറോ ജീപ്പിന്റെ ലോഗ്ബുക്ക് പരിശോധിച്ചതിൽ പ്രസിഡണ്ട് നടത്തിയിട്ടുള്ള പല യാത്രകളുടെയും ഔദ്യോഗികാവശ്യം രേഖപ്പെടുത്തിയിട്ടില്ലെന്നു കാണുന്നു.(പേജ് നം.84,86,93,94,95,115,130,142)യാത്ര നടത്തിയിട്ടുള്ള സ്ഥലങ്ങളുടെ പേരുകൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സർക്കുലർ നം.41/2008/ധനം /2.8.2008 പ്രകാരം ഔദ്യോഗിക വാഹനങ്ങളുടെ ദുരുപയോഗം സർക്കാർ കർശനമായി നിയന്ത്രിച്ചിട്ടുണ്ട്. വാഹനത്തിന്റെ ഉപയോഗം സംബന്ധിച്ച് സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാത്തത് ഗുരുതരമായ വീഴ്ചയാണ്. അതതു ദിവസം നടത്തുന്ന യാത്രകളുടെ ഔദ്യോഗിക ഉദ്ദേശ്യം കൃത്യമായി ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതും ഔദ്യോഗികാവശ്യങ്ങൾക്കു മാത്രമായി വാഹനത്തിന്റെ ഉപയോഗം പരിമിതപ്പെടുത്തി പഞ്ചായത്തിന്റെ ഉത്തമസാമ്പത്തികതാല്പര്യം സംരക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

### 3-5 വനിതാക്ഷേമകേന്ദ്രം നിർമ്മിക്കുന്നതിന് അംഗീകാരം വാങ്ങിയെങ്കിലും യഥാർത്ഥത്തിൽ നിർമ്മിച്ചത് ഷോപ്പിംഗ് കോംപ്ലക്സ്

ഗ്രാമപഞ്ചായത്ത് പന്ത്രണ്ടാം പദ്ധതിയിൽ വിവിധ വർഷങ്ങളിൽ വനിതാഘടകപദ്ധതിയിൽ പ്രോജക്ടുകൾ

രൂപീകരിച്ച് 42,28,265 രൂപ ചെലവഴിച്ച് നിർമ്മിച്ച 16 മുറികളുള്ള ഇരുനിലകെട്ടിടം ഇപ്പോൾ ഷോപ്പിംഗ് കോംപ്ലക്സായി ഉപയോഗിക്കുന്നു. കെട്ടിടത്തിന്റെ താഴത്തെ നില രണ്ടു വർഷത്തോളമായി സപ്ലൈക്കോ സൂപ്പർമാർക്കറ്റിന് നൽകിയിരിക്കുകയാണ്. 2011-12 വർഷം ആരംഭിച്ച വനിതാക്ഷേമകേന്ദ്രം കെട്ടിടനിർമ്മാണം 2016-17 വർഷമാണ് പൂർത്തീകരിച്ചത്. നിർമ്മാണം പൂർത്തിയാകുന്നതിനു മുമ്പുതന്നെ വനിതകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങളോ, ചെറുകിടവ്യവസായ യൂണിറ്റുകളോ ആരംഭിക്കുന്നതിനുള്ള സാധ്യതകൾ അന്വേഷിക്കാതെ കെട്ടിടം സൂപ്പർമാർക്കറ്റിന് നൽകിയത് ശരിയായ നടപടിയല്ല. മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിന് ഉതകുന്ന രീതിയിൽത്തന്നെയാണ് കെട്ടിടനിർമ്മാണം നടത്തിയിരിക്കുന്നത്. വനിതാഘടകപദ്ധതിയിൽ സ്ത്രീകളുടെ തൊഴിലും വരുമാനവും സാമൂഹ്യപദവിയും വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഏറ്റെടുത്ത് നടപ്പാക്കേണ്ടതെന്ന് പദ്ധതിമാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനു വിരുദ്ധമായി കെട്ടിടനിർമ്മാണം മാത്രം നടത്തുകയും അത് വനിതകളുടെ സാമ്പത്തികസുരക്ഷിതത്വത്തിന് പ്രയോജനകരമല്ലാത്ത രീതിയിൽ ഉപയോഗിക്കുകയും ചെയ്യുന്നത് ശരിയായ പ്രവണതയല്ല. ചെലവഴിച്ച തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| വർഷം | പ്രോജക്ട് നം | അടങ്കൽ (വികസനഫണ്ട്) | ചെലവ് |
|---|---|---|---|
| 2011-12 | 2/11-12 | 20,00,000 | 4,43,049 |
| 2011-12 | 7/11-12 | 13,34,981 | 2,75,370 |
| 2012-13 | 4/12-13(സ്പിൽ ഓവർ) | 15,56,951 | 15,51,738 |
| 2012-13 | 137/12-13 | 11,64,211 | 6,11,811 |
| 2013-14 | 166/13-14 | 5,52,400 | 5,51,631 |
| 2014-15 | 153/14-15 | 9,50,000 | 7,27,593 |
| 2015-16 | | | ഇല്ല |
| 2016-17 | 27/16-17 | 10,00,000 | 67,073 |
| ആകെ | | | 42,28,265 |

2011-12 വർഷം എസ്.സി, വികലാംഗർ, വനിതകൾ എന്നിവർക്കുള്ള തൊഴിൽപരിശീലനകേന്ദ്രത്തിന് വകയിരുത്തിയ തുകയും മേല്പറഞ്ഞ കെട്ടിടനിർമ്മാണത്തിനാണ് ചെലവഴിച്ചത്. വനിതാഘടകപദ്ധതി വിഹിതത്തിന്റെ വിനിയോഗം വനിതകൾക്ക് നേരിട്ട് പ്രയോജനം ചെയ്യുന്ന വിധത്തിലാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-6 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം- അപാകതകൾ

| അടങ്കൽ | ചെലവ് |
|---|---|
| വികസനഫണ്ട് (ടിഎസ് പി)- 12000- | 11999-(ബിൽ നം.18/so 203/17/31.3.17) |

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണം വിതരണം പദ്ധതിയ്ക്കായി (നം.എസ്.0203/17) വികസനഫണ്ടിൽ നിന്നും 11,999 രൂപ ചെലവഴിച്ച് സിഡ്കോയിൽ നിന്നും 3 വിദ്യാർത്ഥികൾക്ക് സ്റ്റീൽ മേശയും കസേരയും ഒന്നു വീതം വാങ്ങി നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

- മഞ്ജിത സി.എം., ചിറയിൽപ്പടി, അമയന്നൂർ എന്ന വിദ്യാർത്ഥിയുടെ സ്കൂൾ സർട്ടിഫിക്കറ്റ് 14-15 വർഷത്തേത് ആണ്. മാത്രമല്ല സ്കൂൾ സർട്ടിഫിക്കറ്റ് സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തുകയോ, സ്കൂൾ സീൽ പതിപ്പിയ്ക്കുകയോ ചെയ്തിട്ടില്ല.
- സബ്സിഡി മാർഗ്ഗരേഖ പ്രകാരം (ജി.ഒ.(എം.എസ്) 4/16/തസ്വഭവ./11.1.16) സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ഇക്കാരണങ്ങളാൽ ചെലവഴിച്ച 11,999 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-7 സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ- അപാകതകൾ

പ്രോജക്ട് നം. എസ് 0186/16

നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി

| അടങ്കൽ | ചെലവ് |
|---|---|
| ലോകബാങ്ക് ധനസഹായം--300000- | 150000- ബിൽ നം. 12/plan/31.3.17 |

പഞ്ചായത്തിലെ 20 വാർഡുകളിലായി പ്രധാന ജംഗ്ഷനുകളിൽ 40 വാട്ടിന്റെ 150 പുതിയ സിംഗിൾ ട്യൂബ് സെറ്റുകൾ ആവശ്യമായ മെറ്റീരിയൽസ് ഉൾപ്പെടെ പോസ്റ്റുകളിൽ സ്ഥാപിച്ച് ഒരു വർഷത്തെ പരിപാലനം നടത്തുകയാണ് പദ്ധതി. ഇതിനായി ടെണ്ടർ ക്ഷണിച്ച് കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത വിനോദ് ടി.കെ., തടത്തിൽ, പനച്ചിക്കാട് എന്നയാൾക്ക് നൽകി. തൻവർഷം ട്യൂബ് സെറ്റുകൾ വാങ്ങി സ്ഥാപിച്ചതിന്റെ തുക മാത്രമാണ് നൽകിയത്. എ എം സി ഉൾപ്പെടെ നല്കിയിരിക്കുന്നതിനാൽ വാങ്ങിയ ഇലക്ട്രിക്കൽ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല. അയർക്കുന്നത്തു നിന്നും കിടങ്ങൂർ, തിരുവഞ്ചൂർ റോഡുകളിൽ 50 എണ്ണം സ്ഥാപിച്ചതൊഴിച്ചാൽ 20 വാർഡുകളിലും 5 വീതം സ്ഥാപിച്ചതായുള്ള മെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റെയടിസ്ഥാനത്തിൽ തുക നൽകുകയാണ് ചെയ്തിട്ടുള്ളത്. ഓരോ വാർഡുകളിലും കേടായ ലൈറ്റുകളുടെ എണ്ണം കണക്കാക്കി ആവശ്യകത നിർണയിച്ചല്ല പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. മാത്രമല്ല, പഞ്ചായത്ത് ഡയറക്ടറുടെ G2-44274/2015/17.8.15 നം സർക്കുലറിലെ മാർഗ്ഗനിർദ്ദേശങ്ങളിൽ സൂചിപ്പിക്കും പ്രകാരമുള്ള തെരുവുവിളക്ക് മെയിന്റനൻസ് രജിസ്റ്റർ, രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ്, സ്റ്റോക്ക് ഇൻ, സ്റ്റോക്ക്ഔട്ട് രജിസ്റ്ററുകളും സൂക്ഷിക്കുന്നില്ല. ഇക്കാരണങ്ങളാൽ ചെലവഴിച്ച തുക 1,50,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 അങ്കണവാടികളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചില്ല

പഞ്ചായത്തിലെ 33 അങ്കണവാടികളിൽ 19 എണ്ണവും വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇതിൽ 3 അങ്കണവാടികളിൽ ടോയ്‌ലറ്റ് സൗകര്യമില്ല. 6 എണ്ണത്തിൽ വൈദ്യുതിയുമില്ല. മാത്രമല്ല ഉത്തൂട്ടിയിലുള്ള 27-ം നം അങ്കണവാടി കെട്ടിടം കുട്ടികൾക്ക് ഉപയോഗിക്കാനാകാത്തവിധം ജീർണ്ണാവസ്ഥയിലാണെന്നത് പ്രാദേശികപരിശോധനയിൽ വ്യക്തമായി. കുട്ടികൾ കെട്ടിടത്തോടു ചേർന്നുള്ള ഷെഡ്ഡിലാണ് കഴിയുന്നത്. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച തർക്കം മൂലമാണ് മെയിന്റനൻസ് നടത്താത്തതെന്നാണ് ഐ സി ഡി എസ് സൂപ്പർവൈസർ അറിയിച്ചത്. എന്നാൽ ആസ്തിരജിസ്റ്റർ പ്രകാരം ടി കെട്ടിടം പഞ്ചായത്തിന്റെ ആസ്തിയാണ്. ഇക്കാര്യം എക്സിറ്റ് മീറ്റിംഗിൽ ചൂണ്ടിക്കാണിച്ചപ്പോൾ എത്രയും വേഗം തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകി. ടി കെട്ടിടം ഉൾപ്പെടെ എല്ലാ അങ്കണവാടികളുടെയും അടിസ്ഥാനസൗകര്യവികസനം അടിയന്തിര പ്രാധാന്യത്തോടെ നിർവ്വഹിക്കേണ്ടതാണ്.

## 3-9 ഗവ.ആയുർവേദാശുപത്രിക്ക് മരുന്നുകൾ ലഭിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥ-മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)

പ്രൊജക്ട് നം- 043/2017

അടങ്കൽ - 5,00,000- മെയിന്റനൻസ് ഗ്രാന്റ്(റോഡിതരം)

ചെലവ് - 5,00,000 (ബിൽ നം. 01/16-17 തീ.20.01.17)

അയർക്കുന്നം ഗവ.ആയുർവേദാശുപത്രിക്ക് മരുന്ന് വാങ്ങുന്നതിന് 3,00,000 രൂപ (ഡി.ഡി നം. 064914 തീയതി 14.01.2017) പ്രകാരം ഔഷധിയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ താഴെ രേഖപ്പെടുത്തിയിട്ടുള്ളതിൻ പ്രകാരം 2,16,634 രൂപയുടെ മരുന്നുകൾ മാത്രമാണ് ഔഷധിയിൽ നിന്നും നാളിതുവരെ ലഭ്യമായിട്ടുള്ളത്.

| ക്രമ നം | ഇൻഡന്റ് നം | തീയതി | തുക |
|---|---|---|---|
| 1 | 1768/16-17 | 30.01.17 | 55,895 |

| | | | |
|---|---|---|---|
| 2 | 2243/16-17 | 28.02.17 | 37,313 |
| 3 | 2648/16-17 | 31.03.17 | 16,758 |
| 4 | 2653/16-17 | 31.03.17 | 51,420 |
| 5 | 90020429/16-17 | 06.06.17 | 13,613 |
| 6 | 90020360/16-17 | 06.06.17 | 38,635 |
| ആകെ | | | 2,13,634 |

05.12.16 തീയതിയിലെ ഇൻവോയിസ് നം 41 പ്രകാരമുള്ള 83,366 രൂപയുടെ മരുന്നുകൾ ഇനിയും ലഭ്യമായിട്ടില്ല. ഔഷധിയുമായി ബന്ധപ്പെട്ട് മരുന്ന് ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാകുന്നതുവരെ 83,366 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-10 അമയന്നൂർ ക്ഷേത്രക്കുളം നവീകരണത്തിന് ലഭിച്ച തുക ചെലവഴിച്ചില്ല

ക്ഷേത്രങ്ങളോട് ചേർന്നുള്ള കുളങ്ങളുടെയും കാവുകളുടെയും നവീകരണവുമായി ബന്ധപ്പെട്ട 26.11.2014 തീയതിയിലെ സ.ഉ.(സാ.ധാ.) നം.5880/2014/ആർ.ഡി. പ്രകാരം പഞ്ചായത്ത് 11-ാം വാർഡിൽ സ്ഥിതിചെയ്യുന്ന അമയന്നൂർ ക്ഷേത്രക്കുളം നവീകരണത്തിന് 30 ലക്ഷം രൂപ ലഭിച്ചിരുന്നു. 2014-15 വർഷത്തിലാണ് പ്രസ്തുത തുക പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ചത്. 09.05.2014-ലെ സ.ഉ.(കൈയ്യ)നം.185/2014/ആർ.ഡി. ഉത്തരവിൽ തുക ചെലവഴിക്കേണ്ടതിന്റെ നിബന്ധനകളും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ ഉടമസ്ഥതയിലല്ലാത്ത ഭൂമിയിലാണ് സർക്കാർ ഉത്തരവ് പ്രകാരമുള്ള പ്രവൃത്തി നടപ്പാക്കേണ്ടത്. എന്നാൽ ഫണ്ട് ലഭ്യമായശേഷം 2 വർഷം പിന്നിട്ടിട്ടും ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ 31.03.2017-ലും ബാധ്യതയായി അവശേഷിക്കുന്നു (സാംഖ്യ കണക്ക് ശീർഷകം 320200301). പഞ്ചായത്ത് സെക്രട്ടറിയുടെയും ഗുണഭോക്തൃ സമിതിയുടെയും പേരിലുള്ള പ്രത്യേക ട്രഷറി അക്കൗണ്ടിലാണ് തുക സൂക്ഷിച്ചിരിക്കുന്നത്(അക്കൗണ്ട് നം.STSB1).

2015-16 വർഷം S0247/16 നമ്പരായി പ്രോജക്ട് തയ്യാറാക്കിയിരുന്നു(എസ്റ്റിമേറ്റ് നിരക്ക് 30 ലക്ഷം രൂപ). പ്രോജക്ട് നടപ്പാക്കുന്നതിന് 23.05.2016-ൽ ഇ-ടെൻഡർ നടത്തിയതിൽ ശ്രീ.ലൂക്കോസ് പാച്ചൻ, പുത്തൻപുരക്കൽ വീട്, കല്ലറ സൗത്ത് പി.ഓ., എന്ന വ്യക്തിക്കാണ് എസ്റ്റിമേറ്റ് നിരക്കിൽ 10% താഴെ നിരക്കിൽ കരാർ നൽകിയത് (കരാർ നം.138/AE/LSGD/16-17 തീയതി 28.06.2016). ക്ഷേത്രക്കുളം നവീകരണം നിലവിൽ ഭാഗികമായി പൂർത്തിയായതായി എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയർ ഓഡിറ്റ് വേളയിൽ അറിയിച്ചു. 2017-18 വർഷം പ്രവൃത്തി അടിയന്തിരമായി പൂർത്തിയാക്കി പഞ്ചായത്ത് ഫണ്ടിന്റെ ബാധ്യത ഒഴിവാക്കേണ്ടതാണ്.

## 3-11 ഭവനനിർമ്മാണം പൂർത്തീകരിയ്ക്കാത്തത്

അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ എസ് സി ഭവനനിർമ്മാണം പദ്ധതിയ്ക്കായി വികസനഫണ്ടിൽ നിന്നും 4,80,000 രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ ചുവടെ കൊടുത്തിരിയ്ക്കുന്ന ഗുണഭോക്താക്കൾ ഭവനനിർമ്മാണംപൂർത്തീകരിയ്ക്കാൻ അവശേഷിയ്ക്കുന്നു.

| ഗുണഭോക്താക്കളുടെ പേര് | കൈപ്പറ്റിയ തുക |
|---|---|
| സരസമ്മ ബാബു, വടക്കേമറ്റത്തിൽ, തിരുവഞ്ചൂർ പി.ഒ. | 1,20,000 |
| പി.കെ.രാജൻ, പുത്തൻപുരയ്ക്കൽ | 1,20,000 |
| ഉണ്ണിക്കൃഷ്ണൻ എം., എടാട്ടുകുന്നേൽ, കൊങ്ങാണ്ടൂർ | 1,20,000 |
| സന്തോഷ് കെ.എൻ., കടപ്ലാക്കൽ, കൊങ്ങാണ്ടൂർ | 1,20,000 |

മേൽ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. മാത്രമല്ല ഭവനനിർമ്മാണം സംബന്ധിച്ച് പ്രത്യേക രജിസ്റ്റർ സൂക്ഷിയ്ക്കേണ്ടതും ഓരോ ഗുണഭോക്താവിനും പ്രത്യേകം പേജുകൾ നൽകി ആയതിൽ ഓരോ ഘട്ടങ്ങളിലും നൽകുന്ന തുകകളുടെ കൈപ്പറ്റ് വിവരം രേഖപ്പെടുത്തി സൂക്ഷിയ്ക്കേണ്ടതുമാണ്.

## 3-12 വിനിയോഗരേഖകൾ ലഭ്യമല്ല- ചെലവ് തടസ്സപ്പെടുത്തുന്നു

2016-17 വർഷം നടപ്പിലാക്കിയ ചുവടെ കൊടുത്തിട്ടുള്ള പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല.

| ക്രമ നം. | പ്രോജക്ടിന്റെ നം./പേര് | ചെലവ് | (ഡി.ഡി/വൗച്ചർ/ ബിൽനം./ തീയതി) | ഡി.ഡി ആർക്ക് കൊടുത്തു | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|
| 1 | നം.0076 /17 കന്നുകുട്ടിപരിപാലനം- | വികസനഫണ്ട്- 1500000- | 915035/27.1.17 | അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം, കോട്ടയം | വെറ്ററിനറി സർജൻ |
| 2 | നം.0059 /17പിഎം എ വൈ ഗ്രാമീൺ | വികസനഫണ്ട്- 80000- | ബിൽ നം.2/16-17pmay /28.2.17 | പള്ളം ബ്ലോക്ക് പഞ്ചായത്ത് | വിഇഒ |
| 3 | നം. 58/17 ഐഎവൈ വിഹിതം 14-15,15-16 | വികസനഫണ്ട്- 130000- | ഡിഡിനം.064719/ 3.1.17 | “ | “ |
| 4 | 0196/17ഐഎവൈ വിഹിതം 15-16 | വികസനഫണ്ട്- എസ് സി പി- 650000- | ബിൽ നം. 9/so 196/17 /22-2-17 | “ | അസിസ്റ്റന്റ് സെക്രട്ടറി |
| 5 | നം.00201/17 സാമൂഹ്യ സുരക്ഷാമിഷൻ വിഹിതം | വികസനഫണ്ട്- 500000- | വൗച്ചർനം.21600849/ 23.2.17 | അസിസ്റ്റന്റ് ഡയറക്ടർ, സാമൂഹ്യ സുരക്ഷാ മിഷൻ, തിരുവനന്തപുരം | സെക്രട്ടറി |
| 6 | നം.0199. സമ്പൂർണ്ണ വൈദ്യുതീകരണം-തുക അടവാക്കൽ | വികസനഫണ്ട്- 100000- | വൗച്ചർ നം.21600849/ 23.2.17 | എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇലക്ട്രിക്കൽ ഡിവിഷൻ, പള്ളം | സെക്രട്ടറി |
| 7 | നം.0202/17വിവിധ വാർഡുകളിൽ സ്ട്രീറ്റ്മെയിൻ വലിയ്ക്കൽ | ധനകാര്യകമ്മീഷൻ അവാർഡ്- 891855- | വൗച്ചർ നം. 21600898,921, 953,965, 1091, | കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷനുകൾ | സെക്രട്ടറി |
| ആകെ | | 38,51,855/- | | | |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നതുവരെ 31,51,855/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-13 ആശ്രയ പദ്ധതി

അയർക്കുന്നം ഗ്രാമപഞ്ചായത്തിന്റെ ഒന്നാം ഘട്ട ആശ്രയപദ്ധതിയുടെ കാലയളവ് 2004 ഫെബ്രുവരി മുതൽ 2007 നവംബർ വരെയായിരുന്നു. ഒന്നാം ഘട്ടപദ്ധതി പൂർണ്ണമായും നടപ്പിലാക്കാൻ കഴിഞ്ഞില്ല. പദ്ധതിപ്രകാരം നാല് ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിനും, അഞ്ച് പേർക്ക് ഭവനപുനരുദ്ധാരണത്തിനും, തുക നല്കുകയുണ്ടായി

ആശ്രയ രണ്ടാം ഘട്ട പദ്ധതി 2010 ൽ ആരംഭിച്ചു. ഈ പദ്ധതിയിലൂടെ 9 ഗുണഭോക്താക്കൾക്ക് ഭവനം നിർമ്മിച്ച് നല്കി . രണ്ടാം ഘട്ടത്തിൽ രണ്ട്ഗുണഭോക്താക്കൾക്ക് വീട് നിർമ്മിച്ച് നല്കുകയും നാല് പേർക്ക് വീട് മെയിന്റനൻസിന് തുകയും, 21 പേർക്ക് വിദ്യാഭ്യാസധനസഹായവും നല്കി.

തൻവർഷം ശ്രീമതി അന്നമ്മ യോഹന്നാൻ, വേലിക്കുന്നേൽ, നീറിക്കാട് എന്ന ഗുണഭോക്താവിന് ഭവനനിർമ്മാണത്തിനായി മൂന്ന് ഗഡുക്കളായി 1,50,000 രൂപ നൽകി. വീട് പണി പൂർത്തീകരിച്ചു. ഇതൊഴിച്ചാൽ പദ്ധതിയുടെ ഭാഗമായി മറ്റ് സേവനപ്രവർത്തനങ്ങൾ ഒന്നും തന്നെ നടത്തിയിട്ടില്ലാത്തതായി കാണുന്നു. നിർദ്ധനരും നിരാലംബരുമായ നിരവധി ആളുകൾ പഞ്ചായത്തിൽ ഉണ്ടെന്നിരിക്കേ ലഭ്യമായ ഫണ്ട് ഉപയോഗിച്ച് അവർക്ക് അർഹതപ്പെട്ട സേവനപ്രവർത്തനങ്ങൾ ഊർജ്ജിതമായി നടപ്പിലാക്കുന്നതിന് പഞ്ചായത്ത് അധികൃതർ ശ്രദ്ധ പുലർത്തേണ്ടതാണ്.

ആശ്രയപദ്ധതിയ്ക്ക് വേണ്ടി ബാങ്ക് അക്കൗണ്ട് നിലവിലുണ്ട്.പലിശയുൾപ്പെടെ ഈ അക്കൗണ്ടിൽ ശേഷിയ്ക്കുന്ന തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബാങ്കിന്റെ പേര് | അക്കൗണ്ട് നം. | നീക്കിയിരിപ്പ് |
|---|---|---|---|
| 1 | കാനറ ബാങ്ക്, അയർക്കുന്നം | 3870101005344 | 6,42,215 രൂപ (31.03.17 ലെ നീക്കിയിരിപ്പ്) |

## 3-14 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

തൻവർഷം ആകെ 237 പദ്ധതികൾ വിഭാവനം ചെയ്തതിൽ 178 പദ്ധതികൾക്ക് അംഗീകാരം ലഭിയ്ക്കുകയും 176 പദ്ധതികൾ നടപ്പാക്കുകയുംചെയ്തിട്ടുണ്ട്. 2016-17 വർഷം പദ്ധതിയുമായി സഹകരിച്ച 801 കുടുംബങ്ങൾക്കും തൻവർഷം തൊഴിൽ ലഭിച്ചിട്ടുണ്ട്. തൻവർഷം ശരാശരി 27.92 തൊഴിൽദിനങ്ങൾ സൃഷ്ടിയ്ക്കപ്പെട്ടിട്ടുണ്ട്. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നൽകിക്കൊണ്ട് 20 വാർഡുകളിലും കമ്പോസ്റ്റ് കുഴി നിർമ്മാണം, തരിശുഭൂമി കൃഷിയോഗ്യമാക്കൽ, വാച്ചാലുകളുടെ പുനരുദ്ധാരണം എന്നിവയാണ് പ്രധാനമായും നടപ്പാക്കിയത്. കാഷ്ബുക്ക് പ്രകാരമുള്ള വരവു ചെലവുവിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 0 |
| വരവ്(EFMS ഉൾപ്പെടെ) | 1,42,88,074 |
| പലിശ വരവ് | 2,070 |
| ആകെ | 1,42,90,144 |
| ചെലവ് | 1,42,71,490 |
| നീക്കിയിരിപ്പ് | 18,654 |

# ഭാഗം-4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പ്രൊജക്ടുകൾക്ക് തൻവർഷം ലഭിച്ച ഫണ്ടിന്റെ വിനിയോഗ വിശദാംശം ചുവടെ ചേർക്കുന്നു.(വാർഷിക കണക്കുകൾ പ്രകാരം)

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തീയതി | തുക | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| പള്ളം ബ്ലോക്ക് പഞ്ചായത്ത് | 30.11.2016 | 3,00,000/- | ഗുർഖണ്ഡസാരി കുടിവെള്ള പദ്ധതി (S0020/17) | 3,00,000/- | ഇല്ല |
| | 30.11.2016 | 5,00,000/- | വടക്കൻ മണ്ണൂർ കുടിവെള്ള പദ്ധതി (S0022/17) | 5,00,000/- | ഇല്ല |
| | 14.03.2017 | 7,84,267/- | വല്ലിയേലിൽ കുടിവെള്ള പദ്ധതി (S0185/17) | ഇല്ല | 7,84,267/- |
| | 28.03.2017 | 8,79,127/- | അംഗനവാടി പോഷകാഹാരം 2016-17 (S0052/17) | 4,81,277/- | 3,97,850/-* |

*320100121-Centrally Sponsored Scheme-Integrated Child Development Scheme(ICDS) എന്ന കണക്ക് ശീർഷകത്തിൽ അംഗനവാടി പോഷകാഹാരം പ്രോജക്ടിനായി ലഭിച്ച തുകയിൽ 3,97,850/- രൂപയും മുന്നിരിപ്പ് തുകയായ 10,436/- രൂപയുമുൾപ്പടെ ആകെ 4,08,196/- രൂപയാണ് 31.03.2017-ലെ നീക്കിയിരിപ്പ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് 8,91,855/- മുൻകൂർ നൽകിയിട്ടുണ്ട്. വിശദാംശം താഴെ ചേർക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി. | പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ(S0202/17) | 8,91,855/- | ഇല്ല | 8,91,855/- |

കെ.എസ്.ഇ.ബി.-യിൽ മുൻകൂറായി 8,91,855/- രൂപ ഡെപ്പോസിറ്റ് ചെയ്തപ്പോൾത്തന്നെ 410600102-Electricity-Line Extension എന്ന ശീർഷകത്തിൽ സുസ്ഥിര ആസ്തിയായിട്ടാണ് സാംഖ്യയിൽ അക്കൗണ്ട് ചെയ്തിരിക്കുന്നത്. ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിക്കാതെ തുക ചെലവഴിച്ചപ്പോൾത്തന്നെ ആസ്തിയായി അക്കൗണ്ട് ചെയ്തത് ക്രമപ്രകാരമല്ല. അക്കൗണ്ടിങ്ങിലെ പിഴവുമൂലം വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്ത 8,91,855/- രൂപ 31.03.2017-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 ൽ ഉൾപ്പെട്ടിട്ടില്ല. ബാലൻസ് ഷീറ്റിലെ ബി-11 ഷെഡ്യൂളിലെ സുസ്ഥിര ആസ്തിയായിട്ടാണ് പ്രസ്തുത ഡെപ്പോസിറ്റ് തുക വാർഷിക കണക്കിൽ പ്രതിഫലിക്കുന്നത്.

410600102-Electricity-Line Extension എന്ന ശീർഷകത്തിൽ നിന്നും 460600101-Electricity Deposits എന്ന ശീർഷകത്തിലേക്ക് ഡെപ്പോസിറ്റ് തുക ജേർണൽ വൗച്ചർ(JV) ചെയ്ത് ക്രമീകരിക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത തുക സുസ്ഥിര ആസ്തിയായി അക്കൗണ്ട് ചെയ്യാവുന്നതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

തൻവർഷം പഞ്ചായത്ത് ഫണ്ടിൽനിന്നും മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയായി 59,40,000/- രൂപയുടെ വരവുണ്ട്(വായ്പ രജിസ്റ്റർ പ്രകാരം). തൻവർഷം എടുത്ത വായ്പ ഉൾപ്പടെ പഞ്ചായത്തിന്റെ ആകെ വായ്പ തുക 1,85,20,000/- രൂപയാണ്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| സമ്പൂർണ്ണ ഭവന പദ്ധതി | 1816/ഡി.ബി.1/15/ തസ്വഭവ/19.01.2015 | 18,520,000/- (1,25,80,000/- + 59,40,000/-) | 1,05,80,000/- | 41,00,000/- | 13,19,119/- | 1,24,20,000/- |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

31.03.2017-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-12 പ്രകാരം പഞ്ചായത്തിന് സ്ഥിരനിക്ഷേപങ്ങളൊന്നും (Fixed Deposits) നിലവിലില്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 3-2 | 2010-11 | 2-14 | ഡെപ്പോസിറ്റ് പ്രവൃത്തി (കേരള വാട്ടർ അതോറിറ്റി) | -- |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,98,72,662/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,55,72,520/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 40,97,220/- |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക(രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 11,999/- | ശ്രീ.തങ്കച്ചൻ സി.എം., അസിസ്റ്റന്റ് സെക്രട്ടറി |
| 3-7 | 1,50,000/- | ശ്രീ.എസ്.നെൽസൺ, സെക്രട്ടറി |
| 3-9 | 83,366/- | ഡോ.ജയരാജ് വി.ജി., മെഡിക്കൽ ഓഫീസർ - ആയുർവ്വേദം |
| 3-12 | 15,00,000/- | ഡോ.മുഹമ്മദ് സുനിൽ, വെറ്ററിനറി സർജൻ |
| | 2,10,000/- | ശ്രീ.രതീഷ് ആർ.നായർ, വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ |
| | 6,50,000/- | ശ്രീ.തങ്കച്ചൻ സി.എം., അസിസ്റ്റന്റ് സെക്രട്ടറി |
| | 14,91,855/- | ശ്രീ.എസ്.നെൽസൺ, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

സംസ്ഥാന സർക്കാരിന് മൂല്യവർദ്ധിത നികുതിയിനത്തിൽ(VAT) ലഭിക്കേണ്ട 9,400/- രൂപ പഞ്ചായത്തിന്റെ വരവായി അക്കൗണ്ട് ചെയ്തു(ഖണ്ഡിക 2-2 ൽ വിശദാംശം നൽകിയിട്ടുണ്ട്).

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 2-3, 2-4

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെഎണ്ണം |
|---|---|---|
| 1977-78 | എൽ.എഫ്.കെ.പി.4-537/79/27.11.79 | |
| 1996-97 (ചെലവ്) | എൽ.എഫ്.കെ.പി.3-206/98/9.9.00/10.11.00 | |
| 1998-99 | എൽ.എഫ്.കെ.പി.6-271/00/6.10.00/29.12.01 | |
| 1999-2000(ചെലവ്) | എൽ.എഫ്.കെ.പി.11-537/14/7.1.15 | 22 |
| 2000-01 &2001-02 (പ്ലാൻ) | എൽ.എഫ്.കെ.പി.6-1387/07/17.11.08 | |
| 2000-01 | എൽ.എഫ്.കെ.പി.11-537/14 അദാ/23.12.14 | 3 |
| 2002-03(ചെലവ്) | എൽ.എഫ്.കെ.പി.6-1007/04/19.4.08 | |
| 2002-03(വരവ്) | എൽ.എഫ്.കെ.പി.6-845/07/20.04.09/12.6.09 | |
| 2003-04 (ചെലവ്) | എൽ.എഫ്.കെ.പി.6-394/06/13.6.08/11.7.08 | |
| 2004-05 | എൽ.എഫ്.കെ.പി.6-682/08 18.04.09/2.07.09 | |
| 2005-06 | എൽ.എഫ്.കെ.പി.6-683/08/5.09.08/13.10.08 | |
| 2006-07 | എൽ.എഫ്.കെ.പി.11-994/11/10.10.11 | |
| 2007-08 | എൽ.എഫ്.കെ.പി.11-1840/13/13.1.14 | 10 |
| 2008-09 | എൽ.എഫ്.കെ.പി.11-1532/13/22.11.13 | 7 |
| 2009-10 | എൽ.എഫ്.കെ.പി.11-1279/13/22.11.13 | 4 |
| 2010-11 & 2011-12 | കെ.എസ്.എ-കെ.ടി.എം.പി.11-1656/15/14.3.16 | 15 |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി.11-1655/15/30.3.16 | 22 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി.11-340/16/31.3.16 | 27 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി.11-859/16/27.6.16 | |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി.11-1790/2016/03.12.2016 | 23 |

അവശേഷിക്കുന്ന ഖണ്ഡികകൾക്കുള്ള മറുപടി ലഭ്യമാക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.-കെ.ടി.എം.പി12/1186/2017

കേരള സംസ്ഥാന
ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

ഫോൺ: 04812564886

ഇ-മെയിൽ: doktm.ksad@kerala.gov.in

തീയതി: 27.07.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ അയർക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ അയർക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം